DELISTING

Sebi allows promoters to make counter offer

PRESS TRUST OF INDIA
Mumbai, November 20

MARKETS REGULATOR SEBI has allowed promoters to make counter offer to shareholders of companies that are planning to delist from stock exchanges, a move aimed at plugging loopholes in the current method.

The Securities and Exchange Board of India (Sebi) has put in place a system for price discovery as per the reverse book building method along with considering counter offer of promoter.

Currently, if the price discovered through reverse book building (RBB) is not attractive to the promoter, he may unilaterally reject the price and the whole exercise becomes futile.

Under the new rules, the promoter will be allowed to make counter offer to the shareholders. If the counter offer is lucrative to the shareholders and if it is accepted, delisting will be treated successful. Further, in case promoters give a counter offer, and if it is not less than the book value, then the offer will be accepted by public shareholders, where the promoter shareholding reaches 90%.

"If the price discovered....is not acceptable to the acquirer or the promoter, the acquirer or the promoter may make a counter offer to the public shareholders within two working days of the price discovered... in the manner specified by the board from time to time," Sebi said in a notification dated November 14.

"Provided that the counter offer price shall not be less than the book value of the company as certified by the merchant banker," it added.

According to Sebi, promoters and whole-time directors of the compulsorily delisted company will also not be eligible to become directors of any listed company till the exit option.

During 2015-16 to 2017-18, a total of 15 firms got voluntarily delisted by following the RBB process. Seven firms got delisted at floor price and eight firms got delisted at a premium ranging between 7.7% and 242%. Earlier in July, Sebi had come out with a draft proposal in this regard and had sought views of all the stakeholders.

Retail gloom, tech weakness pin down Wall Street

November 20

THE S&P 500 hit a three-week low on Tuesday as weak results and forecasts from a bunch of retailers, including Target and Kohl's, fanned worries about holiday season sales, while tech stocks continued to slide on concerns about iPhone sales.

Apple's 3.8% fall added to the pressure as the stock that led the market through much of its bull run opened at its lowest level since early May, pushing the tech-heavy Nasdaq to over 7-month lows. Should Apple's loss hold through the day, its shares would have lost over 20% of their value, or around $250 billion, since closing at a record high on October 3.

Retailers took a hammering with Target down 9.9% after it posted a lower-than-expected Q3 profit. Home improvement chain Lowe's Cos fell 2.6% after it unveiled more restructuring plans. Department store operator Kohl's shed 10.9% after its full-year profit forecast fell below expectations. The S&P 500 retailing index shed 3%. —REUTERS

Reliance MF announces third FFO for CPSE ETF

FE BUREAU
Mumbai, November 20



RELIANCE NIPPON ASSET Management Company on Tuesday announced Further Fund Offer 3 (FFO3) of its central public sector enterprises-exchange traded fund (CPSE ETF). It proposes to raise up to ₹8,000 crore initially and an additional amount based on market response.

Also, an upfront discount of 4.5% is being offered to all categories of investors with the ETF having an expense ratio of 0.95 basis point. This third FFO will open and close for anchor investors on November 27, and for non-anchor investors, the offer will open on November 28 and close on November 30.

Department of Investment and Public Asset Management (DIPAM) has appointed ICICI Securities as the adviser for the FFO3. The government had earlier raised ₹11,500 crore in the earlier three tranches of the ETF.

"CPSE ETF has given opportunity to all classes of investors which has made it popular in India and abroad. It is mainly due to lower expense ratio and attractive discount. ICICI Securities brings insights of both institutional and retail investors," said Shilpa Kumar, MD & CEO at ICICI Securities.

The fund invests in the Nifty CPSE Index stocks — that includes 11 PSU firms. "We feel confident that the timing of the issue will help investors benefit from their exposure in a diversified basket like CPSE ETF that includes a list of distinguished PSUs who are leaders in their respective sectors," said Sundeep Sikka, ED and CEO, Reliance Nippon Life Asset Management.

The FFO3 is open for all categories, including anchor investors, retail investors, retirement funds, QIBs, non-institutional investors and foreign portfolio investors. "We would like to reach out to retirement funds to invest in FFO3 and consider this as a chance to secure their funds and benefit from the growth of these PSUs, some of which are Navratnas, Maharatnas, Miniratnas and are either sector leaders or near monopolies in their respective sectors", added Sikka. Nifty CPSE ETF Index in one year has given a negative return of 15.4% and the returns for five years has been 29.6%.

After the New Fund Offer (NFO) in 2014, the government decided to launch two more tranches in January and March 2017. Collection of CPSE ETF NFO, FFO & FFO 2 was ₹4,363 crore, ₹13,705 crore and ₹10,083 crore, respectively, of which ₹1,363 crore, ₹7,705 crore and ₹7,583 crore were refunded to investors due to the limited issue size of ₹3,000 crore, ₹6,000 crore and ₹2,500 crore.

പ്രളയസഹായനിഷേധം ചൂണ്ടിക്കാട്ടി ബി.ജെ.പിയെ ആക്രമിക്കാൻ സി.പി.എം.

● ആർ. സുരേഷ്
തിരുവനന്തപുരം

ശബരിമലവിഷയത്തിൽ ആക്രമിക്കുന്ന ബി.ജെ.പിയെ പ്രളയശേഷം കേന്ദ്രസഹായം നിഷേധിക്കുന്ന കേന്ദ്രസർക്കാർ നയം ചൂണ്ടിക്കാട്ടി തിരിച്ചാക്രമിക്കാൻ സർക്കാർ നീക്കം. മഹാപ്രളയത്തെ അഭിമുഖീകരിച്ച കേരളത്തിന് കേന്ദ്രത്തിൽനിന്ന് ആകെ ലഭിച്ചത് 600 കോടി രൂപയുടെ കേന്ദ്രസഹായം മാത്രമായിരുന്നു. നാശനഷ്ടങ്ങൾ വിശദീകരിച്ചു നിവേദനം നൽകി മാസങ്ങൾ പലതായിട്ടും അർഹതപ്പെട്ട സഹായം പോലും ഇതുവരെ ലഭിച്ചിട്ടുമില്ല.

ശബരിമല വിഷയത്തിലും മറ്റും സംസ്ഥാന സർക്കാരിനെ പ്രതിസന്ധിയിലാക്കാൻ ശ്രമിക്കുന്ന ബി.ജെ.പിക്ക് ഇത് ചൂണ്ടിക്കാട്ടി മറുപടി നൽകാനാണ് ഇപ്പോൾ സി.പി.എമ്മിന്റെ നീക്കം.

ഇത് ചർച്ചാവിഷയമാകുന്നതോടെ ബി.ജെ.പി പ്രതിരോധത്തിലാകുമെന്നും കോൺഗ്രസിന് പിന്തുണയ്ക്കേണ്ടിവരുമെന്നും സി.പി.എം. വിലയിരുത്തുന്നുണ്ട്. ശബരിമലയിൽ നടക്കുന്ന ക്രിമിനൽ പ്രവർത്തനങ്ങളാണെന്ന് സ്ഥാപിക്കുന്നതിനുള്ള സജീവമായ ശ്രമവും സർക്കാർ നടത്തും. ആചാരസംരക്ഷണത്തിന്റെ മറവിൽ ക്രിമിനൽ സംഘങ്ങൾ അവിടെ അഴിഞ്ഞാടുന്നുവെന്ന് വരുത്തുന്നതിനുള്ള കഴിയുന്നത്ര തെളിവുകൾ പുറത്തുവിടും.

തുലാമാസപൂജയ്ക്കും അതിന് ശേഷം ചിത്തിര ആട്ടവിശേഷത്തിനും നടതുറന്നപ്പോൾ ഉണ്ടായ സംഭവങ്ങളിലെ പങ്കാളികളെയാണ് ഇപ്പോൾ കസ്റ്റഡിയിലെടുത്തതെന്നും വ്യക്തമാക്കുന്നുണ്ട്. അതാണ് ഇന്നലെ യു.ഡി.എഫ് സംഘത്തിന്റെ സമരം കണ്ടില്ലെന്ന് നടിച്ചത്. ആർ.എസ്.എസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രചരണം ശക്തമാകുന്നതോടെ യു.ഡി.എഫിൽ ഭിന്നസ്വരം ഉയരുമെന്ന് തന്നെയാണ് സി.പി.എമ്മിന്റെ വിലയിരുത്തൽ.

ശബരിമലയിലെ സ്ത്രീപ്രവേശനം സുപ്രീംകോടതി ഭരണഘടനാബെഞ്ചിന്റെ വിധിയായതുകൊണ്ടുതന്നെ അത് നടപ്പാക്കാതിരിക്കാൻ കഴിയില്ലെന്നു രാഷ്ട്രീയപാർട്ടികൾക്കു ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ പ്രക്ഷോഭം അധികം ദിവസം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്നും അവർക്ക് അറിയാം. ആ സാഹചര്യത്തിലാണ് വിഷയം മാറ്റി ശബരിമലയിലെ അടിസ്ഥാനപ്രശ്നമാക്കിയും മറ്റും മാറ്റാൻ ശ്രമം നടത്തുന്നത്.

പ്രളയം: കൂടുതൽ സാമ്പത്തിക സഹായം കേന്ദ്രം നിഷേധിക്കുന്നെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം: പ്രളയ ദുരിതത്തിൽപ്പെട്ട കേരളത്തിന് കൂടുതൽ സാമ്പത്തികസഹായം കേന്ദ്ര സർക്കാർ നിഷേധിക്കുകയാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഇനി കൂടുതൽ സഹായം കേരളത്തിനു നൽകേണ്ടതില്ലെന്ന നിലപാടിലാണു കേന്ദ്രം എന്നാണു ലഭിക്കുന്ന സൂചനയെന്നു മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാനത്ത് പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതിന് നല്ലരീതിയിൽ കേന്ദ്രസഹായം ലഭിക്കേണ്ടതുണ്ട്. അതാണു പ്രതീക്ഷിച്ചിരുന്നതും. എന്നാൽ ഇതുവരെ പുതിയ സഹായം ലഭിച്ചിട്ടില്ല. നേരത്തെ നൽകിയതിൽ കൂടുതൽ ലഭിക്കില്ലെന്നാണ് ഇപ്പോൾ ലഭിക്കുന്ന വാർത്തകളെന്നും മുഖ്യമന്ത്രി പറഞ്ഞു.

എന്നാൽ മഹാപ്രളയത്തിനു ശേഷം ശബരിമല തീർത്ഥാടനത്തെക്കുറിച്ചാണ് സർക്കാർ പ്രധാനമായും ചിന്തിച്ചത്. അതിനു വേണ്ട നടപടികളാണ് ദ്രുതഗതിയിൽ സ്വീകരിച്ചത്. അവിടെ മനുഷ്യസാധ്യമായതെല്ലാം ചെയ്തു. മഹാപ്രളയത്തിനു ശേഷം ശബരിമലയിൽ സൗകര്യങ്ങളൊരുക്കാൻ ആറു തവണ യോഗം ചേർന്നു.

റോഡുകൾ അടക്കം നേരത്തെയുണ്ടായിരുന്ന സൗകര്യങ്ങളെല്ലാം നശിച്ചു. അതെല്ലാം വീണ്ടും നിർമിക്കേണ്ടിയിരുന്നു. ഉള്ള സൗകര്യം നിലനിർത്തിക്കൊണ്ടല്ല, എല്ലാം നശിച്ചിടത്തുനിന്നുമാണ് നിർമാണം നടത്തേണ്ടിയിരുന്നത്. ഇക്കൊല്ലം ശബരിമലയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ 220 കോടി രൂപയാണ് അനുവദിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഭക്തർക്ക് വിരിവെക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇനിയും താൽകാലിക ഷെഡ്ഡുകൾ നിർമ്മിക്കും.

ചുരുങ്ങിയ സമയംകൊണ്ട് കക്കൂസുകൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സ്വാഭാവികമായും ചില അസൗകര്യങ്ങൾ ഇപ്പോഴും ഉണ്ടാകും. അതുകൂടി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

● വിവാഹമോചിതയെന്ന് തെറ്റിദ്ധരിപ്പിച്ച് വീണ്ടും വിവാഹം

പ്രവാസിയുടെ സ്വത്തും പണവും യുവതി തട്ടിയതായി പരാതി

[illegible]

ശ്രീധരൻപിള്ളയെ സംവാദത്തിന് വെല്ലുവിളിച്ച് കോടിയേരി

കണ്ണൂർ: ശബരിമല വിഷയത്തിൽ ആശയപരമായ സംവാദത്തിനു ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ പി.എസ്. ശ്രീധരൻപിള്ളയെ വെല്ലുവിളിച്ച് സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. [illegible]

ആചാരസംരക്ഷണം മറയാക്കി ശബരിമല പിടിച്ചെടുക്കാൻ അനുവദിക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: ആചാരസംരക്ഷണത്തിന്റെ മറവിൽ ശബരിമല പിടിച്ചെടുക്കാനുള്ള രാഷ്ട്രീയ കർസേവയാണു നടത്തുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. [illegible]

● രാഷ്ട്രീയ സമരമെങ്കിൽ ശബരിമല അതിന് വേദിയാക്കരുത് ● ഹരിവരാസനത്തിനുശേഷവും പ്രശ്നമുണ്ടാക്കാൻ ശ്രമം ● കോൺഗ്രസ് ആർ.എസ്.എസിനൊപ്പം

[illegible]

നഴ്സിങ് കൗൺസിൽ: യു.എൻ.എ. മത്സരിക്കും

തൃശൂർ: കേരള നഴ്സിങ് കൗൺസിൽ [illegible]

എസ്.എസ്.എൽ.സി. പരീക്ഷ രാവിലെ നടത്തണമെന്ന ആവശ്യം തള്ളി

● ഷൈനി ജോൺ
തൃശൂർ

എസ്.എസ്.എൽ.സി. പരീക്ഷ രാവിലെ നടത്തണമെന്നു ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റി ശക്തമായി ആവശ്യപ്പെട്ടിട്ടും വിദ്യാഭ്യാസ വകുപ്പിന്റെ പരീക്ഷാ ടൈംടേബിൾ ഉച്ചയ്ക്കു തന്നെ. കൊടുംവേനലിൽ പരീക്ഷ നടത്തുന്നതു വിദ്യാർഥികളുടെ ആരോഗ്യത്തിനും ജീവനും ഭീഷണിയാണെന്നു ചൂണ്ടിക്കാട്ടിയായിരുന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ, അധ്യാപക സംഘടനകൾ ഉൾപ്പെടെയുള്ള ക്യു.ഐ.പി. നിർദേശം.

2019 മാർച്ച് 13 ന് ആരംഭിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ടൈംടേബിൾ അനുസരിച്ച് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ നടക്കുക. എന്നാൽ പരീക്ഷണമെന്ന നിലയിൽ വിദ്യാഭ്യാസ വകുപ്പ് ഫെബ്രുവരിയിലെ പത്ത്, പ്ലസ് വൺ, പ്ലസ് ടു മോഡൽ പരീക്ഷ രാവിലെ നടത്തും. ഈ ശ്രമം വിജയകരമായാൽ പത്താംക്ലാസ് പരീക്ഷ രാവിലെയാക്കി മാറ്റുന്നത് പരിഗണിക്കും.

ഏതെങ്കിലും കാരണവശാൽ മോഡൽ പരീക്ഷ പരാജയപ്പെടുകയാണെങ്കിൽ കുറച്ചുകൂടി മുതിർന്ന ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികളുടെ പരീക്ഷ ഉച്ചയ്ക്കു നടത്തണമെന്നു അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും ആവശ്യപ്പെടുന്നു. 2006 വരെ പത്താംക്ലാസ് പരീക്ഷ രാവിലെയായിരുന്നു നടത്തിയിരുന്നത്. അക്കാലയളവിൽ ഉച്ചയ്ക്കാണു ഹയർസെക്കൻഡറി പരീക്ഷകൾ നടത്തിയിരുന്നത്. പത്താംക്ലാസ് പരീക്ഷ രാവിലെ പത്തിനു നടത്തുന്നതിനെക്കുറിച്ചു നേരത്തെ വിദ്യാഭ്യാസ വകുപ്പു പരിഗണിച്ചിരുന്നു. സ്ഥലപരിമിതിയാണു പരീക്ഷകൾ ഒന്നിച്ചു നടത്താത്തതിനു കാരണമായി വിദ്യാഭ്യാസ വകുപ്പ് ഉന്നയിക്കുന്ന കാരണം. എന്നാൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ. വിഭാഗത്തിൽമാത്രം അറുപതിനായിരത്തിലധികം അധ്യാപകരും ഹൈസ്കൂളിനോട് ചേർന്ന എൽ.പി, യു.പി. വിഭാഗത്തിൽ പതിനായിരത്തിലധികം അധ്യാപകരുമാണുള്ളത്.

ഹൈസ്കൂൾ, ഹയർസെക്കൻഡറി, വി.എച്ച്.എസ്.സി. പരീക്ഷയ്ക്ക് ആകെ നാല്പത്തയ്യായിരം ക്ലാസ് മുറികൾ വേണ്ടതിനു പകരം അറുപതിനായിരത്തോളം ക്ലാസ് മുറികൾ ലഭ്യമാണ്. സൗകര്യങ്ങൾ കുറവാണെങ്കിൽ തന്നെ ക്ലസ്റ്റർ സ്കൂൾ പരീക്ഷ അടിസ്ഥാനത്തിൽ ക്രമീകരിക്കാനും കഴിയും. അതിനാൽ പരീക്ഷ സമയം രാവിലെയാക്കുന്നതിൽ പരാജയ സാധ്യതയില്ലെന്ന് അധ്യാപകർ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്ത് കടുത്ത വേനലായ മാർച്ചിൽ പകൽ 11 മുതൽ വൈകിട്ട് മൂന്നുവരെ കുട്ടികളും മുതിർന്നവരും വെയിലേൽക്കരുതെന്നാണ് ദേശീയ ദുരന്തനിവാരണസമിതിയുടെ നിർദേശം. ഈ വർഷം ചൂട് ഇരട്ടിയാകുമെന്ന് ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ പഠന സമിതി മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. ഇക്കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പ് മുഖവിലയ്ക്കെടുക്കണമെന്ന് അധ്യാപകരും രക്ഷിതാക്കളും പറയുന്നു. ഇത് വിശദമാക്കി രക്ഷിതാക്കൾ ബാലാവകാശ കമ്മിഷനിൽ പരാതി നൽകിയിട്ടുണ്ട്.

ക്രൂഡ് വില താഴ്ന്നിട്ടും ഡീസൽ വിലയിൽ പിടിച്ചുപറി തുടരുന്നു

● ബൈജു ഭാസി
കൊച്ചി

രാജ്യാന്തര ക്രൂഡ്‌വില താണതും രൂപ കരുത്താർജിച്ചതും ഇന്ധനവില താഴ്ത്തിയെങ്കിലും ഡീസൽവിലയിൽ വലിയ കുറവുവരുത്താതെ എണ്ണക്കമ്പനികളുടെ കൊള്ളയടി. മൂന്നുമാസത്തെ താണനിലയിലാണ് പെട്രോൾ വില. കുറഞ്ഞ വിലയിലേക്കും ഡീസലിന് രണ്ടുമാസത്തെ കുറഞ്ഞനിരക്കും. സംസ്ഥാനത്ത് കൊച്ചിയിലാണ് ഡീസൽ, പെട്രോൾ വില ഏറ്റവും കുറവ്, യഥാക്രമം 74.90 രൂപയും 78.38 രൂപയും.

എന്നാൽ, ക്രൂഡ് ഓയിൽ വില കുറയുന്നതിന് ആനുപാതികമായി പെട്രോൾ, ഡീസൽ വില കുറയുന്നുമില്ല. ക്രൂഡ് വില ബാരലിന് 69 ഡോളറായിരുന്നപ്പോൾ പെട്രോൾ വില ലിറ്ററിന് 73 രൂപയും ഡീസലിന് 65 രൂപയുമായിരുന്നു. നിലവിൽ ക്രൂഡിന്റെ വില 66 ഡോളറിലേക്കു താഴ്ന്നിട്ടും ഇന്ധനവില ആനുപാതികമായി കുറഞ്ഞില്ല.

ഡീസൽ വില താഴ്ത്തുന്നതിലാണ് മടി. ക്രൂഡിന്റെ ഇപ്പോഴത്തെ വില കണക്കാക്കുമ്പോൾ ഉപയോക്താവിൽനിന്ന് ഇപ്പോഴും എണ്ണക്കമ്പനികൾ 13 രൂപയോളം പിടിച്ചുപറിക്കുകയാണ്. വില കുറച്ചതാകട്ടെ കേവലം മൂന്നുരൂപയോളം മാത്രം. പെട്രോൾ വില പത്തുരൂപയോളം വർധിപ്പിച്ച ശേഷം ആറരരൂപയോളം കുറച്ചു.

ഓഗസ്റ്റ് 16 മുതലാണ് ഇന്ധനവില തുടർച്ചയായി ഉയർന്നത്. സംസ്ഥാനത്ത് ഡീസൽ ലിറ്ററിന് 80 രൂപയും പെട്രോൾ വില 85 ലേക്കും കടന്നിരുന്നു. ഈ നിലയിൽ നിന്നാണ് ഒക്ടോബർ മൂന്നുമുതൽ ക്രൂഡ് വില ഇടിയാനാരംഭിച്ചത്. ക്രൂഡ് വില ബാരലിന് 85 ഡോളറിൽ നിന്ന് 66 ഡോളറിലേക്ക് കൂപ്പുകുത്തി.

എന്നാൽ, രൂപയുടെ മൂല്യം 66 ൽ നിന്ന് 76 ഡോളറിലേക്കു വരെ പതിച്ചു. ക്രൂഡ് വില താണെങ്കിലും രൂപയുടെ മൂല്യം നഷ്ടമായത് എണ്ണ ഇറക്കുമതിയുടെ ചെലവു ഉയർത്തിനിർത്തി. ഇതാണ് ആഭ്യന്തര എണ്ണവില കാര്യമായി താഴാത്തതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഇന്നലെ രൂപയുടെ മൂല്യം 71.48 ഡോളറായി മെച്ചപ്പെടുകയുണ്ടായി.

നിലവിൽ അഞ്ചുരൂപയോളം രൂപ ഡോളറിനേക്കാൾ കരുത്താർജിച്ചിട്ടും എണ്ണവില കുറയുന്നതിൽ അതു കാര്യമായി പ്രതിഫലിക്കുന്നില്ല.

ഇന്നലെ പെട്രോളിന് 13 പൈസയും ഡീസലിനു 12 പൈസയുമാണ് കുറഞ്ഞത്. പെട്രോൾ വില കഴിഞ്ഞ ഓഗസ്റ്റിലെ വിലയിലേക്കും ഡീസൽ കുറഞ്ഞ് കഴിഞ്ഞ സെപ്റ്റംബറിലെ നിരക്കിലേക്കുമാണ് എത്തിയത്. കഴിഞ്ഞ 40 ദിവസത്തെ വിലയേക്കാളും ക്രൂഡ് വില 25 ശതമാനം കുറഞ്ഞ നിരക്കിലാണ് ആഗോള വിപണിയിൽ കച്ചവടം ചെയ്യപ്പെടുന്നത്. അമേരിക്കൻ ക്രൂഡ് ഓയിലായ ഷെൽ ഗ്യാസിന്റെ വിലയും താഴ്ന്ന നിരക്കിലാണ്; 56.56 ഡോളർ. ഇതിന് മുമ്പ് ഒക്ടോബറിൽ 76 ഡോളർ വരെ എത്തിയിരുന്നു.

ഇന്ധനവില: പെട്രോൾ, ഡീസൽ

കൊച്ചി:	78.38,	74.9
തിരുവനന്തപുരം:	79.70,	76.44
കോഴിക്കോട്:	78.66,	75.47

അലാറം മുംബൈയിൽ മുഴങ്ങി; എ.ടി.എം. കവർച്ചാ ശ്രമത്തിനിടെ ഇതരസംസ്ഥാന തൊഴിലാളി അറസ്റ്റിൽ

പിറവം: പിറവത്ത് എ.ടി.എം. കവർച്ച നടക്കുന്നതായി മുംബൈയിൽ അലാറം മുഴങ്ങിയതോടെ കവർച്ചാ ശ്രമത്തിനിടെ ഇതര സംസ്ഥാന തൊഴിലാളി പിടിയിലായി.

പഞ്ചാബ് നാഷണൽ ബാങ്ക് പിറവം ശാഖയിലെ എ.ടി.എം. കവർച്ച ചെയ്യാനുള്ള അസം സ്വദേശിയുടെ ശ്രമമാണ് മുംബൈ വഴി കേരളാ പോലീസ് തകർത്തത്.

പുലർച്ചെ രണ്ടിനാണ് അസം സ്വദേശി ദിൽദാർ ഹുസൈൻ (26) കരവട്ടെ കുരിശിനു സമീപം ബാങ്കിനോടു ചേർന്നുള്ള എ.ടി.എം. കൗണ്ടറിൽ കവർച്ചയ്ക്കെത്തിയത്.

മുഖംമൂടിയശേഷം എ.ടി.എം. തുറക്കാൻ തുടങ്ങിയപ്പോൾ അലാറം മുഴങ്ങി. ഇതോടെ അലാറത്തിന്റെ കേബിൾ മുറിച്ചു മാറ്റിയ മോഷ്ടാവ് സി.സി.ടി.വി ക്യാമറയുടെ കണക്ഷനും വിച്ഛേദിച്ചു.



● ദിൽദാർ ഹുസൈൻ

എന്നാൽ, കൗണ്ടറിൽ കടന്നു എ.ടി.എമ്മിൽനിന്നു കവർച്ചയ്ക്കൊരുങ്ങിയപ്പോൾത്തന്നെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ മുംബൈയിലെ ഹെഡ് ഓഫീസിൽ അലാറം മുഴങ്ങിയിരുന്നു.

പിറവത്തു സ്ഥാപിച്ചിരുന്ന സി.സി.ടിവി. ജി.പി.ആർ.എസ്. സംവിധാനം വഴി കേന്ദ്ര ഓഫീസുമായി ബന്ധിപ്പിച്ചിരുന്നു.

ഇതാണു കവർച്ചാ ശ്രമം മുംബൈ അറിയാൻ ഇടയാക്കിയത്. ഹെഡ് ഓഫീസിൽ ആളുണ്ടായിരുന്നതിനാൽ ഉടനടി വിവരമറിഞ്ഞു. മുംബൈയിൽനിന്നുള്ള അറിയിപ്പ് ഉടൻ ബ്രാഞ്ച് മാനേജർ അലക്സാണ്ടർ കുര്യാക്കോസിന് ലഭിച്ചു. തുടർന്ന് മാനേജർ പിറവം പോലീസിനെ വിവരം അറിയിക്കുകയായിരുന്നു.

മിനിറ്റുകൾക്കകം പോലീസ് സ്ഥലത്തെത്തി മോഷണശ്രമത്തിനിടയിൽ പ്രതിയെ പിടികൂടി. പോലീസ് തെളിവെടുപ്പ് നടത്തി പ്രതിയെ കോടതിയിൽ ഹാജരാക്കി. നാലു വർഷമായി പിറവത്തു വാടകയ്ക്ക് താമസിക്കുകയായിരുന്നു ദിൽദാർ.